**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3333** **11-03-2025 - ൽ മറുപടിയ്ക്ക്**

**റവന്യൂ പുറമ്പോക്ക് ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ഭൂമിയിലെ കയ്യേറ്റം 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഒഴിപ്പിക്കുന്നതിലെ നടപടിക്രമങ്ങൾ എന്തെല്ലാമാണ്; ഇതിന്റെ വിശദാംശം നൽകുമോ; | (എ) | 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം സർക്കാർ ഭൂമിയിലെ കൈയേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.<br><br>സർക്കാർ ഭൂമികളിൽ നടത്തിയിട്ടുള്ള എല്ലാ കൈയേറ്റങ്ങളെ സംബന്ധിച്ചും വില്ലേജ് ഓഫീസർമാർ കൃത്യമായ ഒരു റിപ്പോർട്ട് ഫോറം A യിൽ കളക്ടർക്ക് (കേരള ഭൂസംരക്ഷണ നിയമവകുപ്പ് 15 പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ) നൽകേണ്ടതാണ്. റിപ്പോർട്ടിനോടൊപ്പം നിർദിഷ്ട സ്കെയിലിൽ തയ്യാറാക്കിയ സ്ഥലത്തിന്റെ പ്ലോട്ട് ചെയ്ത സ്കെച്ച്, ഭൂമിയുടെ മുഴുവൻ വിവരങ്ങളും അടങ്ങിയ മഹസ്സർ എന്നിവ സമർപ്പിക്കേണ്ടതാണ്. സർക്കാർ വക സ്ഥലത്തു നിന്നും തടി, മണ്ണ്, മറ്റേതെങ്കിലും മൂല്യമുള്ള വസ്തുക്കൾ അനധികൃതമായി നീക്കം ചെയ്യുന്നത് കണ്ടെത്തുകയാണെങ്കിൽ ഫോറം AA സ്റ്റേറ്റ്മെന്റിൽ തയ്യാറാക്കിയ റിപ്പോർട്ട്, മഹസ്സർ എന്നിവ തഹസിൽദാർക്ക് നൽകേണ്ടതാണ്. പുറമ്പോക്കുകളുടെ ഉത്തരവാദിത്വമുള്ള റവന്യൂ വകുപ്പ് ഒഴികെയുള്ള വകുപ്പുകൾ അങ്ങനെയുള്ള ഭൂമികളിലെ എല്ലാ അനധികൃത കൈയേറ്റങ്ങളും കളക്ടറെ ധരിപ്പിക്കേണ്ടതാണ്. ഫോറം Aയിൽ റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ ചട്ടം 6 പ്രകാരം കളക്ടർ സ്ഥലം പരിശോധിക്കേണ്ടതും കൈയേറ്റം നടന്നിട്ടുള്ളതായി സ്വയം ബോധ്യപ്പെടേണ്ടതുമാണ്.<br><br>1957-ലെ കേരള ഭൂസംരക്ഷണ നിയമം, വകുപ്പ് 12 പ്രകാരം ഓരോ കൈയ്യേറ്റക്കാരനും ഫോറം Bയിൽ നോട്ടീസ് നൽകി കക്ഷിയെ കളക്ടർ നേരിൽ കേൾക്കുകയും സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തുകയും തെളിവായി നൽകിയിട്ടുള്ള രേഖകൾ സ്വീകരിക്കുകയും രേഖകൾ പരിശോധിച്ച് തീരുമാനം എടുക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | തുടർന്ന് സർക്കാർ ഭൂമിയിൽ അനധികൃത കൈയേറ്റം ബോധ്യപ്പെട്ടാൽ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കൈയേറ്റക്കാരൻ ഭൂമിയിൽ നിന്നും ഒഴിയുന്നതിനുള്ള ചട്ടം 11 പ്രകാരമുള്ള C ഫോറം നോട്ടീസും നേരിൽ കേട്ടതിനെ സംബന്ധിച്ച വിശദമായ നടപടിക്രമവും നൽകുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പ്രസ്തുത നിയമപ്രകാരം എത്ര ഹെക്ടർ ഭൂമി ഒഴിപ്പിച്ചിട്ടുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ ഒഴിപ്പിച്ച ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | ഒഴിപ്പിച്ച ഭൂമിയുടെ വിസ്തീർണം (ഹെക്ടറിൽ) |
|---|---|
| തിരുവനന്തപുരം | 09.0035 |
| കൊല്ലം | 01.5662 |
| പത്തനംതിട്ട | 04.92017 |
| ആലപ്പുഴ | 05.6760 |
| കോട്ടയം | 0.1394 |
| ഇടുക്കി | 36.3290 |
| എറണാകുളം | 01.8409 |
| തൃശൂർ | 0.5274 |
| പാലക്കാട് | 2.7705 |
| മലപ്പുറം | 3.1488 |
| കോഴിക്കോട് | 0.5198 |
| വയനാട് | 1.1531 |
| കണ്ണൂർ | 0.0099 |
| കാസറഗോഡ് | 7.6041 |
| ആകെ | **75.20877** |

ഇത് കൂടാതെ ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ 90.73 ഹെക്ടർ വിസ്തീർണമുള്ള നെല്ലിത്താനം എസ്റ്റേറ്റ് പാട്ടം റദ്ദാക്കി തിരിച്ചെടുത്തിട്ടുണ്ട്.